"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികവർഗ്ഗ വികസന വകുപ്പ് -മുള്ളൻകൊല്ലി പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട 2,3 പാർട്ട് ബിൽ തുക അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടിക ജാതി പട്ടിക വർഗ്ഗ വികസന(പി.എം) വകുപ്പ്**

സ.ഉ.(സാധാ) നം.436/2026/SCSTD തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.830/2014/SCSTDDതീയതി 28.05.2014.
2. സ.ഉ.(സാധാ)നം.1280/2023/SCSTDDതീയതി 21.10.2023.
3. പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 03/06/2022, 09/06/2023,23/09/2023, 20.02.2025 തീയതികളിലെ F1-13083/20 നമ്പർ കത്തുകളും അനുബന്ധരേഖകളും .
4. പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 20.02.2025ലെ D1-14881/13(1) നമ്പർ കത്ത്.
5. പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 17.06.2026 -ലെ STDD/2148-D1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ വയനാട് മുള്ളൻകൊല്ലി പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന് പരാമർശം(1) പ്രകാരം ₹3,72,91,492/-രൂപയുടെ (മൂന്ന് കോടി എഴുപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി നാന്നൂറ്റി തൊണ്ണൂറ്റിരണ്ട് രൂപ മാത്രം) ഭരണാനുമതിയും, പരാമർശം (2) പ്രകാരം 4,11,43,667/- രൂപയുടെ (നാല് കോടി പതിനൊന്ന് ലക്ഷത്തി നാൽപ്പത്തി മൂവായിരത്തി അറുന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം) പുതുക്കിയ ഭരണാനുമതിയും (revised AS) നൽകി ഉത്തരവായിരുന്നു.

മുള്ളൻകൊല്ലി പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട 2,3 പാർട്ട് ബിൽ നൽകുന്നതിനായി 1,23,90,417/- രൂപയും, ആറളം പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പാർട്ട് ബിൽ ഇനത്തിൽ 6,48,602 /-രൂപയും, കൺസൾട്ടൻസി ചാർജിനത്തിൽ 9,04,030/- രൂപയും ചേർത്ത് ആകെ 1,39,43,049 /- രൂപ ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പ് ഫണ്ടിൽ നിന്ന് അനുവദിക്കപ്പെട്ട് വകുപ്പിന്റെ Special TSB account ൽ (Account No. 799012700000415) നിക്ഷേപിച്ചിരുന്ന 1,40,53,455/-രൂപ 31-03-2020 ൽ സർക്കാർ റെസ്യൂം ചെയ്തിരുന്നുവെന്നും ടി തുക തിരികെ ലഭ്യമാക്കണമെന്നും പരാമർശത്തിലെ കത്തുകൾ പ്രകാരം പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. കൂടാതെ, മുള്ളൻകൊല്ലി പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണവുമായി

ബന്ധപ്പെട്ട്, കോൺട്രാക്ടർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന **WP(C)No.42267/2025** കേസിന്റെ **09.02.2026** തീയതിയിലെ വിധിന്യായം നടപ്പാക്കാത്തതിനാൽ പരാതിക്കാർ **Contempt Case(Civil) No.1504/2026** ഫയൽ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത തുക എത്രയും വേഗം അനുവദിക്കണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം 5 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. മുള്ളൻകൊല്ലി പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട **2,3** പാർട്ട് ബിൽ തുകയായ, **1,23,90,417/-** രൂപ (ഒരു കോടി ഇരുപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറായിരത്തി നാനൂറ്റി പതിനേഴ് രൂപ മാത്രം ) **4225-02-277-96-(works) -PV** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഇക്കാര്യത്തിൽ **അധിക ധനാനുമതിയ്ക്കായി** പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐ എ എസ്
സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (S & G), കേരളം, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E& R), കേരളം, തിരുവനന്തപുരം.
4. ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
5. ധനകാര്യ (WW) വകുപ്പ്-WW-WW3/146/2022-Fin dt 28.05.2026.
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I&PRD, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
7. പട്ടികജാതി പട്ടികവർഗ വികസന (ഡി & ഇ) വകുപ്പ് ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
8. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Chithralekha V V
സെക്ഷൻ ഓഫീസർ
Date: 08-07-2026 12:15:56